മി. മോറിമുറയുടെ പുസ്തകത്തിന്റെ പത്തു ലക്ഷത്തിലധികം കോപ്പികൾ ഇതിനകം വിററുകഴിഞ്ഞിട്ടുണ്ട്.

ഇനിയൊരു യുദ്ധമുണ്ടായാൽ അതിൽ അണു—ആയുധങ്ങൾക്കു പുറമേ രോഗാണു—ആയുധങ്ങളും ധാരാളമായി പ്രയോഗിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നതാണ് ഈ സംഭവപരമ്പര നല്കുന്ന ഗുണപാഠം.

29-ഏപ്രിൽ, 1982

## 14. രാസ—ആയുധങ്ങൾ

മനുഷ്യരെ കൂട്ടത്തോടെ കൊല്ലാൻ ഉതകുന്ന പല ആയുധങ്ങളുമുണ്ട്. അവയിൽ ഏററവും പൈശാചികമായവ രാസ—ആയുധങ്ങളാകുന്നു. രാസ—ആയുധങ്ങൾ പലതരത്തിൽ നിർമിക്കപ്പെട്ടിട്ടുണ്ട്. 'ഞരമ്പു വാതകം' (നെർവ് ഗ്യാസ്) എന്നു വിളിക്കപ്പെട്ട ഒരുതരം രാസവസ്തു പീരങ്കിയുണ്ടയിലും ബോംബിലും നിറച്ചു ശത്രുമദ്ധ്യത്തിലേക്ക് ഒന്നാം മഹായുദ്ധത്തിൽ പ്രയോഗിക്കുകയുണ്ടായി. ഉണ്ടയും ബോംബും പൊട്ടിത്തെറിച്ചാലുടനെ, അവയിലടക്കം ചെയ്ത രാസവസ്തു പാതകമായി മാറി വായുവിൽ അലിഞ്ഞുചേരുന്നു. ഈ വായു ശ്വസിക്കുന്നവരുടെ മൂക്കിൽനിന്നും വായിൽനിന്നും ഉടൻ ചോര ഒഴുകിത്തുടങ്ങുന്നു. അവർ കഠിനമായി പിടഞ്ഞു മരിക്കുകയും ചെയ്യുന്നു. മരിക്കുന്നതു് ഏതാനും മിനിട്ടുകൾക്കകമാവാം; ഏതാനും ദിവസങ്ങൾക്കു ശേഷമായി എന്നും വരാം.

വളരെ പ്രാകൃതമായിരുന്നു ഒന്നാം മഹായുദ്ധത്തിൽ പ്രയോഗിക്കപ്പെട്ട രാസ—ആയുധങ്ങൾ. കാരണം, അന്ന് അവ പരീക്ഷിച്ചുനോക്കാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അവയുടെ ബീഭത്സതയും ക്രൗര്യവും മനുഷ്യ മനസ്സാക്ഷിയെ നടുക്കിക്കളഞ്ഞു. യുദ്ധം ഒഴിവാക്കാനാവില്ലെങ്കിൽക്കൂടി, യുദ്ധത്തിൽ രാസ—ആയുധങ്ങളുടെ പ്രയോഗം ഒഴിവാക്കുക തന്നെ വേണമെന്നു മനുഷ്യവർഗം ആഗ്രഹിച്ചു. 1925-ൽ ലീഗ് ഓഫ് നേഷൻസ് എന്ന സാർവലൗകിക സംഘടനയുടെ ആസ്ഥാനമായിരുന്ന ജനീവ നഗരത്തിൽവെച്ച്, യുദ്ധത്തിൽ രാസ—ആയുധങ്ങളുടെ പ്രയോഗം നിരോധിക്കുന്ന ഒരു ഉടമ്പടിയിൽ അമേരിക്കയും സോവ്യററ് യൂനിയനും അടക്കം അന്നു മുമ്പന്തിയിൽ നിന്നിരുന്ന എല്ലാ രാജ്യങ്ങളുടെയും പ്രതിനിധികൾ ഒപ്പുവെച്ചു.

ഇങ്ങനെ നിയമപ്രകാരം നിരോധിച്ചെങ്കിലും, രാസ—ആയുധങ്ങളുടെ നിർമാണവും, യുദ്ധരംഗത്തിൽ പരീക്ഷണവും രഹസ്യമായി തുടർന്നു വന്നു. ചെറിയ തോതിൽ പല പടക്കളങ്ങളിലും രാസ—ആയുധങ്ങൾ പ്രയോഗിക്കപ്പെട്ടതായി ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. യുദ്ധരംഗത്തിൽ ഉപയോഗിക്കുന്നതിനുദ്ദേശിച്ചുള്ള വിഷവസ്തുക്കളുടെ നിർമാണം അമേരിക്ക പൂർണമായും നിർത്തിവെച്ചതു് 1969-ൽ മാത്രമായിരുന്നു.

വിയററ്നാമിൽ വ്യാപകമായി 'ഏജെൻറ് ഓറെഞ്ച്' എന്ന രാസവിഷം അമേരിക്ക ഉപയോഗിക്കുകയുണ്ടായി. വിയററ്നാംകാരുടെ നെല്പാടങ്ങളും വിയററ്നാം ഒളിഭടന്മാർ ഒളിച്ചു പാർത്തിരുന്ന കാടുകളും നശിപ്പിക്കാനാണ് വിമാനത്തിൽനിന്ന് ഈ രാസവിഷം തളിച്ചിരുന്നതു്. അബദ്ധവശാൽ ഈ രാസവസ്തു അന്നു വിയററ്നാമിലുണ്ടായിരുന്ന ചില അമേരിക്കൻ ഭടന്മാരുടെ ശരീരത്തിലും പുരണ്ടുപോയി. ഇതിന്റെ ഫലമായി നിത്യരോഗബാധിതരായിത്തീർന്ന ഏതാനും അമേരിക്കൻ ഭടന്മാരുടെയും, കൈകാലുകളോ അവയിൽ വിരലുകളോ ഇല്ലാതെയും, ജുഗുപ്സാ

വഹമായ മററനേകതരം ശരീര വൈകൃതങ്ങളോടെയും ജനിച്ച അവരിൽ ചിലരുടെ കുട്ടികളുടേയും ചിത്രങ്ങരം അടുത്ത കാലത്തു് 'ലൈഫ്' എന്ന അമേരിക്കൻ ആനുകാലികത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. രാസ—ആയുധങ്ങളുടെ ഹിംസാശക്തി, നികൃഷ്ടമായ ഒരു പാപംപോലെ, തലമുറയിൽനിന്നു തലമുറയിലേക്കു സംക്രമിക്കുന്നു എന്നു് ഇതു സംശയാതീതമാം വിധം തെളിയിക്കുന്നു.

പതിമൂന്നു വർഷമായി നിർത്തിവെച്ച രാസ—ആയുധങ്ങളുടെ നിർമാണം വീണ്ടും ആരംഭിക്കുന്നതിനു് ഇപ്പോരം അമേരിക്ക തീരുമാനിച്ചിരിക്കുന്നു. 1984 മുതൽ പുതിയതരം രാസ—ആയുധങ്ങരം നിർമിക്കുന്നതിനു വേണ്ടി ഇരുനൂറുകോടി ഡോളർ ചെലവാക്കാനുദ്ദേശിക്കുന്നതായി പ്രസിഡണ്ടു് റേയ്ഗൻ ഫെബ്രുവരി മധ്യത്തിൽ അമേരിക്കൻ പാർലമെൻറിനെ ഔപചാരികമായി അറിയിച്ചിട്ടുണ്ടു്. ഈ തുകയിൽ മൂന്നുകോടി ഡോളർ 1982—ൽ തന്നെ ചെലവഴിക്കാനാണുദ്ദേശിക്കുന്നതു്. ഇതിനു പുറമെ രാസ—യുദ്ധ പ്രതിരോധ നടപടികരംക്കായി അമ്പതുകോടി ഡോളർ 1983—ൽ ചെലവഴിക്കാനും അമേരിക്കൻ ബജററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്

മാരകങ്ങളോ മാരകരോഗകരങ്ങളോ ആയ രാസവസ്തുക്കരം തയ്യാറാക്കുമ്പോഴും അവ ഉണ്ടകളിലോ ബോംബുകളിലോ നിറയ്ക്കുമ്പോഴും അവ പ്രയോഗിക്കാനുള്ള പരിശീലനം നേടുമ്പോഴും, പിന്നീടു് അവ യുദ്ധരംഗത്തേക്കു കൊണ്ടുപോകുമ്പോഴും, എല്ലാം കൈയബദ്ധം വന്നു സ്വന്തം ആരംക്കാർക്കുതന്നെ വൻതോതിൽ അപായം നേരിടാമല്ലോ. ഇതിന്നു പരിഹാരമായി, വേറിട്ടു നില്ക്കുമ്പോരം വലിയ ദോഷം ചെയ്യാത്തവയും, ഒന്നിച്ചു ചേർന്നാൽ മാരകശക്തിയാർജിക്കുന്നവയുമായ രണ്ടോ അധികമോ രാസവസ്തുക്കരം വേറെ വേറെ പാത്രങ്ങളിലടച്ചു്, ആ പാത്രങ്ങരം പീരങ്കിയുണ്ടയിലോ ബോംബിലോ നിറയ്ക്കാനാണു് ഇപ്പോരം അമേരിക്കൻ ആയുധ നിർമാണ വിദഗ്ദ്ധർ ഉദ്ദേശിക്കുന്നതു്. 'ബൈനറി' എന്നറിയപ്പെടുന്ന ഇത്തരം ആയുധങ്ങരം റോക്കററിൽ ഘടിപ്പിച്ചോ, പീരങ്കിയിലോ വിമാനത്തിലോ നിന്നോ പ്രയോഗിച്ച ശേഷം അവ ലക്ഷ്യത്തിലെത്തുന്നതിനു മുമ്പിലുള്ള ഏതാനും സെക്കൻറുകളിൽ, ഇവയിലെ വ്യത്യസ്ത രാസവസ്തുക്കരം പരസ്പരം യോജിക്കുകയും, മാരകമായ വിഷമായി മാറുകയും ചെയ്യുന്ന വിധത്തിലാണു ഇവയുടെ നിർമാണം. ഏറുപടക്കത്തിൽ വെവ്വേറെ സ്ഥിതിചെയ്യുന്ന പൊട്ടാസ്യം മനോലയും, പടക്കം നിലത്തു് ഊക്കിലെറിയുമ്പോഴുള്ള സമ്മർദത്തിൻ ഫലമായി കൂടിക്കലർന്നു സ്ഫോടകവസ്തുവായി മാറുന്നുണ്ടല്ലോ. അതുപോലെ എന്നു പറയാം.

രാസ—ആയധ നിർമാണം 1969—ൽ നിർത്തിവെച്ചെങ്കിലും, മുമ്പു നിർമിച്ച ആറു ലക്ഷത്തി മുപ്പതിനായിരം രാസ—ആയുധങ്ങരം, എപ്പോരം വേണമെങ്കിലും എടുത്തു പ്രയോഗിക്കാൻ പാകത്തിനു്, അമേരിക്കയുടെ ആയുധക്കലവറകളിൽ ഇപ്പോരംത്തന്നെ ഇരിപ്പുള്ളതായി 'ന്യൂസ് വീക്ക്' എന്ന അമേരിക്കൻ വാരിക (ഫെബ്രുവരി 22) പ്രസ്താവിക്കുന്നു. ഈ രാസ—ആയുധങ്ങളിൽ പലതും പഴകി ചോർന്നു തുടങ്ങി. രാസ—ആയുധനിർമാണ രംഗത്തു് ഇതിനകം കൈവന്ന 'പുരോഗതി'യുടെ ഫലമായി ഈ പഴയ ആയുധങ്ങരം അത്യന്തം അപരിഷ്കൃതങ്ങരം ആയിത്തീർന്നിട്ടുമുണ്ടു്.' എന്നാണത്രേ അമേരിക്കൻ ആയുധ നിർമാണ വിദഗ്ദ്ധരുടെ അഭിപ്രായം. മാത്രമല്ല, ഇവയിൽ അധികം എണ്ണവും പീരങ്കിയിലിട്ടു വെടിവെക്കാൻ പാകത്തിൽ ഉണ്ടകളിൽ നിറച്ചിരിക്കുകയാണു്. പീരങ്കിയേക്കാരം നല്ലതു റോക്കററാണു് എന്നത്രേ ഇപ്പോഴത്തെ ആശയഗതി. അതിനാൽ, രാസ—ആയുധങ്ങളെ കാലാനുകൂലമായി പരിഷ്കരിക്കേണ്ടതു് അത്യാവശ്യമാണെന്നു വിദഗ്ദ്ധർ കരുതുന്നു.

മാത്രമല്ല, ഇക്കാലത്തിനിടയ്ക്കു രാസ—ആയുധങ്ങളുടെ നിർമാണ

ത്തിൽ സോവിയററ് യൂനിയൻ വലിയ പുരോഗതി നേടിയിട്ടുള്ളതായും അമേരിക്കൻ ആയുധവിദഗ്ദ്ധർ കരുതുന്നു. രാസ—ആയുധങ്ങളും, ആയുധമായി പ്രയോഗിയ്ക്കാവുന്ന രോഗാണുക്കളും നിർമിക്കുന്ന എട്ടു വ്യവസായ ശാലകൾ സോവിയററ് യൂനിയനിലുള്ളതായി അമേരിക്കൻ ചാരവൃത്തങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടത്രെ. രാസ—ആയുധങ്ങൾ വ്യാപകമായി പ്രയോഗിക്കപ്പെട്ട യുദ്ധരംഗങ്ങളിൽ പ്രവേശിച്ചു യുദ്ധം ചെയ്യുന്നതിന് ഒരു ലക്ഷം പട്ടാളക്കാർക്കു സോവ്യററ് യൂണിയൻ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടെന്നും അവർ പ്രസ്താവിക്കുന്നു. ലാവോസ്, കംബോഡിയ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ സോവ്യററ് യൂനിയൻ രാസ—ആയുധങ്ങൾ പരീക്ഷണാർത്ഥം പ്രയോഗിച്ചു നോക്കിയിട്ടുണ്ടെന്നും അവർ പറയുന്നു. സോവ്യററ് യൂണിയൻ ഇതു നിഷേധിച്ചിട്ടുണ്ട്. കന്നുകാലികൾക്കിടയിൽ 'കുരലടപ്പൻ' (ആന്ത്രാക്സ്) എന്ന മഹാമാരി പരത്തുന്ന രോഗബീജങ്ങൾ അമേരിക്ക, ക്യൂബയിൽ വർഷിച്ചിട്ടുണ്ടെന്നു ക്യൂബക്കാർ ആരോപിക്കുന്നു. പാകിസ്ഥാനിൽ പ്രവർത്തിക്കുന്ന ഒരു അമേരിക്കൻ രോഗാണു ഫാക്ടറിയിൽനിന്നു പുറത്തുചാടിയ കൊതുകുകൾ പരിസരങ്ങളിൽ അസാധാരണമായ ഒരുതരം മലമ്പനി പരത്തിയെന്ന റിപ്പോർട്ടും പത്രങ്ങളിൽ കണ്ടിരുന്നു. ഇതിൻെറയൊക്കെ വാസ്തവാവസ്ഥ നമുക്ക് അജ്ഞാതമാണ്.

എതായാലും റോക്കററ് നിർമാണത്തിലെന്നപോലെ രാസ—ആയുധനിർമാണത്തിലും റഷ്യയ്ക്കും അമേരിക്കയ്ക്കും ഇടയിൽ വലിയ ഒരു വിടവുണ്ടായി വന്നിട്ടുണ്ടെന്നും, ഈ വിടവു നികത്തുന്നതിനാണ് ഇരുനൂറു കോടി ഡോളർ ചെലവഴിച്ചു പുതുതായി രാസ—ആയുധങ്ങളുണ്ടാക്കുന്നതെന്നുമുള്ള റേയ്ഗൻെറ വാദം, അല്പം ചില മുറുമുറുപ്പുകളോടെയാണെങ്കിലും, അമേരിക്ക വിഴുങ്ങുമെന്നു തന്നെയാണു പ്രതീക്ഷിക്കേണ്ടതു്. ന്യൂട്രോൺ ബോംബുകളും അവ പ്രയോഗിക്കുന്നതിനുള്ള റോക്കററുകളുമെന്നപോലെ രാസ—ആയുധങ്ങളും രോഗാണു ആയുധങ്ങളും അമേരിക്ക ധാരാളമായി നിർമിക്കുകയും പ്രയോഗിക്കാൻ തയ്യാറാക്കി, കരയിലും, കടലിലും, ആകാശത്തിലും, നിലവറകളിലും, കപ്പലുകളിലും, മുങ്ങിക്കപ്പലുകളിലും, വിമാനങ്ങളിലും, ലക്ഷ്യത്തിലേക്കു ചൂണ്ടി സ്ഥാപിക്കുകയും ചെയ്യുമെന്നും തത്തുല്യമായ എതിർപ്പാട്ടുകൾ മറുപക്ഷത്തും ഉണ്ടാകുമെന്നും ഭയപ്പെടാൻ എല്ലാ സാഹചര്യങ്ങളുമുണ്ടായിക്കഴിഞ്ഞിരിക്കുന്നു.

ശക്തി സംഭരിച്ചു കഴിഞ്ഞശേഷം തുല്യനിലയിലോ, ശക്തൻദുർബലനോടെന്ന നിലയിലോ; സോവ്യററ് യൂനിയനുമായി രാസ—ആയുധങ്ങളുടെ നിർമാണം ചുരുക്കുന്നതിനെപ്പററിയോ അവയെ തീർത്തും നിരോധിക്കുന്നതിനെപ്പററിയോ സംസാരിക്കാനാണുപോലും അമേരിക്ക ഉദ്ദേശിക്കുന്നതു്. തങ്ങൾ ആദ്യമായി യുദ്ധരംഗത്തു രാസ—ആയുധങ്ങൾ ഉപയോഗിക്കില്ലെന്നും അമേരിക്കൻ പട്ടാളമേധാവികൾ പറയുന്നുണ്ട്. പക്ഷേ, വിയററ്നാമിൽ തങ്ങൾ രാസ—ആയുധങ്ങൾ വൻതോതിൽ, അതും ഏകപക്ഷീയമായി, ഉപയോഗിച്ചിട്ടുള്ളതായി അമേരിക്കക്കാർതന്നെ സമ്മതിച്ചിട്ടുണ്ട്.

രാസ–ആയുധങ്ങൾ നിർമിക്കാനുള്ള റേയ്ഗൻെറ തീരുമാനത്തിനെതിരെ അമേരിക്കയ്ക്കു് അകത്തും, അമേരിക്കയുടെ 'നാറേറാ' സഖ്യത്തിലുൾപ്പെട്ട യൂറോപ്യൻ രാജ്യങ്ങളിലും, ശക്തിയായ പ്രക്ഷോഭണം ഉണ്ടാകുമെന്നു് ഉറപ്പിക്കാം. പക്ഷേ, റേയ്ഗനും, റേയ്ഗൻ പ്രതിനിധാനം ചെയ്യുന്ന ഇരുളിൻെറ ശക്തികൾക്കുമാണ് ഇപ്പോഴും അമേരിക്കയിൽ പൊതുജനപിന്തുണ. അവരെ ആ പൈശാചിക യത്നത്തിൽനിന്നു പിന്തിരിപ്പിക്കാനുള്ള കരുത്തു് ഈ പ്രക്ഷോഭണത്തിനു കൈവരുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

27 ഫെബ്രുവരി, 1982